പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 405 27-2-2018-ൽ മറുപടിക്ക്**

**വാമഞ്ചൂരിൽ വെറുതെ കിടക്കുന്ന ഒൻപത് ഏക്കർ സർക്കാർ ഭൂമി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ ഹൊസങ്കടിക്ക് സമീപം വാമഞ്ചൂരിൽ ദേശീയപാതക്ക് അരികിലായി വാണിജ്യനികുതി ഓഫീസിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് വാങ്ങിയ ഒൻപത് ഏക്കർ സ്ഥലം വെറുതെ കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാസർഗോഡ് ജില്ലയിൽ ബങ്കര മഞ്ചേശ്വരം വില്ലേജിൽ സംയോജിത ചെക്ക് പോസ്റ്റ് നിർമ്മിക്കുവാനായി 9.33 ഏക്കർ സ്ഥലം ഏറ്റെടുത്തിരുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവിടെ തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മറ്റ് വകുപ്പുകളെ ഉൾപ്പെടുത്തികൊണ്ട് ബങ്കര മഞ്ചേശ്വരത്ത് സംയോജിത ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിലേയ്ക്കായി ബി.എസ്.എൻ. എൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ബി.എസ്.എൻ. എൽ സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസിയല്ലായിരുന്നതിനാൽ സംയോജിത ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിലേയ്ക്കായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'നാറ്റ്പാക്' നെ ഏൽപ്പിക്കുകയും ചെയ്തു. 'നാറ്റ്പാക്' ന്റെ കൺൾട്ടൻസി ചാർജായ 58.15 ലക്ഷം രൂപ കൂടുതലായിരുന്നതിനാൽ മറ്റ് ഏജൻസികൾക്കുകൂടി പ്രോജക്ട് പ്രൊപ്പോസൽ നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. |

—2—

2/

| | | | |
|---|---|---|---|
| (സി) | എൻ.എച്ച്- 66 നോട് ചേർന്ന് കിടക്കുന്ന ഈ സ്ഥലം എന്ത് ചെയ്യാനാണ് അലോചിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | 26-08-2016 ലെ സർക്കാർ ഉത്തരവ് ജി.ഒ (കൈ) നം. 85/2016/TD പ്രകാരം മഞ്ചേശ്വരത്ത് വാണിജ്യ നികുതി വകുപ്പ് ഉൾപ്പെടെ 6 വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിലേക്കായി വാണിജ്യ നികുതി വകുപ്പിനെ നോഡൽ ഡിപ്പാർട്ട്മെന്റായി ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ 01-07-2017 മുതൽ ചരക്ക് സേവന നികുതി (ജി.എസ്.ടി) നിലവിൽ വന്നതിനാൽ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ ആവശ്യമില്ലാതാവുകയും തുടർന്ന് 20/5/2017 ലെ ജി.ഒ (കൈ) നം. 36/2017/TD. പ്രകാരം സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിലേക്കായി നോഡൽ വകുപ്പിന്റെ ചുമതല എക്സൈസ് വകുപ്പിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**